# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2022 — കെ. യു എച്ച്ക്യൂ., തീയതി: 10.12.2024

**പ്രസിദ്ധീകരണത്തിന്**

## പ്രൈവറ്റ് രെജിസ്ട്രേഷൻ വിദ്യാർഥികൾ എ ബി സി ഐ ഡി അപ്‌ലോഡ് ചെയ്യണം

കണ്ണൂർ സർവ്വകലാശാലയിൽ, 2021,2022,2023 വർഷങ്ങളിൽ പ്രൈവറ്റ് രെജിസ്ട്രേഷൻ വഴി ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് അവരുടെ എ ബി സി ഐ ഡി അപ്‌ലോഡ് ചെയ്യുന്നതിനുള്ള ലിങ്ക് 11 .12 .2024 മുതൽ 21 .12 .2024 വരെ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാകും . നിശ്ചിത സമയ പരിധിക്കുള്ളിൽ എ ബി സി ഐ ഡി തയ്യാറാക്കി പ്രസ്തുത ലിങ്കിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ് . എ ബി സി ഐ ഡി തയ്യാറാക്കുന്ന രീതി സംബന്ധിച്ച വിശദ വിവരം കണ്ണൂർ സർവകലാശാലയുടെ Examination പോർട്ടലിലെ Academic Bank of Credit എന്ന ലിങ്കിൽ നിന്നും ലഭിക്കുന്നതാണ്

## പ്രായോഗിക പരീക്ഷകൾ

മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ് സി. ഇൻ കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേർണിംഗ് ഡിഗ്രി (ഒക്ടോബർ 2024) പ്രായോഗിക പരീക്ഷകൾ 2024 ഡിസംബർ 16, 17 തീയതികളിലായി കാഞ്ഞങ്ങാട് നെഹ്‌റു ആർട്സ് & സയന്സ് കോളേജിൽ വച്ച് നടത്തുന്നതാണ്. ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ കോളേജുമായി ബന്ധപ്പെടുക

## പരീക്ഷാ തീയതി പുനഃക്രമീകരിച്ചു

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ ബിരുദാനന്തര ബിരുദ (ഒക്ടോബർ 2024) പരീക്ഷകൾ 01.01.2025 ന് ആരംഭിക്കുന്ന വിധം പുനഃ ക്രമീകരിച്ചു . പുതുക്കിയ ടൈം ടേബിൾപിന്നീട്പ്രസിദ്ധീകരിക്കുന്നതാണ്

## സൂക്ഷ്മപരിശോധന ഫലം

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എം.എ./എം.കോം/ എം ടി ടി എം

(2023അഡ്മിഷൻ) ഒക്ടോബർ 2023 പരീക്ഷയുടെ സൂക്ഷ്മപരിശോധന ഫലം സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

## പ്രായോഗിക പരീക്ഷാ തീയതി പുനഃ ക്രമീകരിച്ചു

2024 ഡിസംബർ 18,19 തീയതികളിലായി നടത്താൻനിശ്ചയിച്ച കണ്ണൂർ സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എം.എഇക്കണോമിക്സ് ഡിഗ്രി (റെഗുലർ/സപ്ലിമെന്ററി) ഒക്ടോബർ 2024പ്രായോഗിക പരീക്ഷകൾ 2024 ഡിസംബർ 19-ാം തീയതിയിലേക്ക്പുനക്രമീകരിച്ചു. പരീക്ഷകൾ അതാത് കോളേജുകളിൽ വെച്ച്നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ യൂണിവേഴ്സിറ്റി വെബ്സൈറ്റിൽലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രവുമായി

ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്/-

അസിസ്റ്റൻറ് രജിസ്ട്രാർ I

(പരീക്ഷാ വിഭാഗം)